**No. CEE/4600/2019/KEAM-2020/TA4**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം– 2020
## രണ്ടാം ഘട്ട ഓൺലൈൻ മോപ്പ് അപ്പ് അലോട്ട്മെന്റ്
## ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധം

സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോളേജുകളിലെ 2020–21 അധ്യയന വർഷത്തെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ ഫാർമസി കോഴ്സുകളിൽ ഒന്നാം ഘട്ട ഓൺലൈൻ മോപ്പ് അപ്പ് അലോട്ട്മെന്റിനു ശേഷം ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായുള്ള രണ്ടാം ഘട്ട മോപ്പ് അപ്പ് അലോട്ട്മെന്റ് നടപടികൾ **2020 നവംബർ 24 മുതൽ** ആരംഭിക്കുന്നു. 2020 നവംബർ 16 മുതൽ നവംബർ 18 ഉച്ചയ്ക്ക് 12.00 മണി വരെ വിദ്യാർത്ഥികൾ നൽകിയ ആദ്യഘട്ട ഓൺലൈൻ ഓപ്ഷനുകൾ പരിഗണിച്ചാണ് അലോട്ട്മെന്റ് നടത്തുന്നത്. ആദ്യഘട്ട മോപ്പ് അപ്പ് അലോട്ട്മെന്റ് വഴി എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിൽ പ്രവേശനം ലഭിച്ചിട്ടും അഡ്മിഷൻ നേടാത്ത വിദ്യാർത്ഥികളുടെ ബന്ധപ്പെട്ട സ്ട്രീമിലെ എല്ലാ ഓപ്ഷനുകളും റദ്ദാകുന്നതാണ്. സർക്കാർ/എയ്ഡഡ് എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോളേജുകളിൽ മുൻ അലോട്ട്മെന്റുകൾ പ്രകാരം നിലവിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾക്ക് ഈ മോപ്പ്–അപ്പ് അലോട്ട്മെന്റ് വഴി അലോട്ട്മെന്റ് മാറ്റം ലഭിക്കുന്നപക്ഷം നിലവിലെ അഡ്മിഷൻ റദ്ദാകുന്നതാണ്. നിശ്ചിത സമയത്തിനകം ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ സമർപ്പിക്കാത്ത വിദ്യാർത്ഥികളെ ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനുള്ള രണ്ടാംഘട്ട അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല.

### രണ്ടാം ഘട്ട മോപ്പ് അപ്പ് അലോട്ട്മെന്റ് ഷെഡ്യൂൾ

| | |
|---|---|
| **24.11.2020** | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നൽകുന്നതിന് വെബ്സൈറ്റ് സജ്ജമാകുന്നു. |
| **26.11.2020** (വൈകിട്ട് **4.00** മണി) | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ ചെയ്യുന്നതിനുള്ള സൗകര്യം അവസാനിക്കുന്നു. |
| **27.11.2020** | മോപ്പ് അപ്പ് അലോട്ട്മെന്റ് |
| **28.11.2020 & 30.11.2020** **4.00** മണി വരെ | കോളേജിൽ പ്രവേശനം നേടുവാനുള്ള തീയതി |

മോപ്പ് അപ്പ് അലോട്ട്മെന്റിലേയ്ക്ക് ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമാണ്. മോപ്പ് അപ്പ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ താത്പര്യമുള്ള വിദ്യാർത്ഥികൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'KEAM 2020 - Candidate Portal'**എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് തങ്ങളുടെ ആപ്ലിക്കേഷൻ നമ്പർ, പാസ്സ്വേഡ് എന്നിവ രേഖപ്പെടുത്തി ഹോം പേജിൽ പ്രവേശിച്ച ശേഷം ഹോം പേജിൽ ലഭ്യമായ **'Option Confirmation'** എന്ന മെനുവിൽ ക്ലിക്ക് ചെയ്ത് **24.11.2020** മുതൽ **26.11.2020** വൈകിട്ട് **4.00 മണി** വരെ ഓൺലൈനായി ഓപ്ഷനുകൾ കൺഫർമേഷൻ ചെയ്യേണ്ടതാണ്. നിലനിൽക്കുന്ന ഹയർ ഓപ്ഷനുകളിൽ ആവശ്യമെങ്കിൽ പുന:ക്രമീകരണം ചെയ്യാനും ആവശ്യമില്ലാത്തവ റദ്ദ് ചെയ്യാനുമുള്ള സൗകര്യവും

ലഭ്യമാണ്.അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ നിർബന്ധമായും പ്രവേശനം നേടിയിരിക്കണം. അല്ലാത്ത പക്ഷം പ്രോസ്പെക്ടസിലെ ക്ലോസ് 12.2.4(c)(i)(ii) പ്രകാരമുള്ള വ്യവസ്ഥകൾ ബാധകമായിരിക്കും. നിശ്ചിത സമയത്തിനുള്ളിൽ ഓപ്ഷൻ കൺഫർമേഷൻ ചെയ്യാത്തവരുടെ ഓപ്ഷനുകൾ അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.

മോപ് അപ് ഘട്ടത്തിലൂടെ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതായ ഫീസ് ഓൺലൈനായോ കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട ഹെഡ് പോസ്റ്റോഫീസ് മുഖേനയോ ഒടുക്കിയ ശേഷം പ്രോസ്പെക്ടസ് ക്ലോസ് 11.7.1 പ്രകാരമുള്ള അസ്സൽ രേഖകളുമായി **30.11.2020** വൈകുന്നേരം **4.00** ന് മുമ്പായി ബന്ധപ്പെട്ട കോളേജിൽ ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്. അഡ്മിഷൻ സമയത്ത്, ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പ്രകാരം ബാക്കി ട്യൂഷൻഫീസ്, ഡെപ്പോസിറ്റ് (ബാധകമെങ്കിൽ), മറ്റ് ഫീസുകൾ ഒടുക്കേണ്ടതുണ്ടെങ്കിൽ അവ കോളേജിൽ ഒടുക്കേണ്ടതാണ്.

അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി./എസ്.റ്റി./ഒ.ഇ.സി. എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളും G.O.(MS)No.25/2005/SCSTDD തീയതി 20.06.2005, എന്ന സർക്കാർ ഉത്തരവ് അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും/മത്സ്യത്തൊഴിലാളികളുടെ മക്കൾ/ശ്രീചിത്രാഹോം/നിർഭയഹോം/ജുവനൈൽഹോം അന്തേവാസികൾ എന്നിവർ ട്യൂഷൻ ഫീസ് അടയ്ക്കേണ്ടതില്ല.

പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ അതത് കോളേജ് പ്രിൻസിപ്പൽമാർ അംഗീകരിച്ച് **30.11.2020 വൈകുന്നേരം 5** മണിയ്ക്കു മുൻപായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (OAMS) മുഖേന സമർപ്പിക്കേണ്ടതാണ്.

പ്രവേശനവുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും സർക്കാർ ഉത്തരവുകളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

ഹെൽപ്പ് ലൈൻ നമ്പർ: **0471–2525300**

Sd/-

തിരുവനന്തപുരം
24 .11.2020

**പ്രവേശന പരീക്ഷാ കമ്മീഷണർ**